കേരള സർവ്വകലാശാലയിലെ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രേറി ജീവനക്കാർ

59(2670) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രേറി ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ യു.ജി.സി.യുടെ എൻട്രി കേഡറിലാണ് ശമ്പളം ഫിക്സ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് കനത്ത സാമ്പത്തികനഷ്ടം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിരമിക്കൽ പ്രായത്തോട് അടുക്കുമ്പോൾ മാത്രം ലഭിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം പ്രസ്തുത ജീവനക്കാർക്ക് വൻ സാമ്പത്തികനഷ്ടം വരുത്തുന്നുവെന്നതിനാലും പെൻഷൻ ആനുകൂല്യങ്ങളിലടക്കം വൻ നഷ്ടം ഉണ്ടാകുന്നുവെന്നതിനാലും അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്ന സമയത്ത് യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന ജീവനക്കാർക്ക് അതുവരെയുള്ള ആകെ സർവ്വീസ് പേ ഫിക്സേഷന് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യു.ജി.സി. സ്കീമിലെ എൻട്രി തസ്തികയാണ് അസിസ്റ്റന്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സർവ്വീസിലെയും യു.ജി.സി. സ്കീമിലെയും ശമ്പളവും ക്ഷാമബത്തയും മറ്റ് അലവൻസുകളും വ്യത്യസ്തമാണ്. ആയതിനാൽ സ്റ്റേറ്റ് സർവ്വീസിലെ ശമ്പളം കണക്കാക്കി യു.ജി.സി. സ്കീമിൽ ശമ്പളം നിർണ്ണയിക്കാൻ നിർവ്വാഹമില്ല.

സാങ്കേതിക സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

60(2672) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) അനുവദിച്ച തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; തസ്തിക നിർണ്ണയിക്കുന്നതിന് ഏതെങ്കിലും ചട്ടമോ മാനദണ്ഡങ്ങളോ അവലംബിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly